


# തിരുരക്ത ജപമാല

# തിരുരക്ത ജപമാല

1995 -ൽ നൈജീരിയയിലെ എനുഗു സംസ്ഥാനത്തുള്ള ഓലോ സെന്റ് ജോസഫ് ഇടവകയിലെ അംഗമായ ബർണബാസ് നോയേക്ക് നമ്മുടെ കർത്താവായ യേശുക്രിസ്തു വെളിപ്പെടുത്തിക്കൊടുത്ത പ്രാർത്ഥനയാണ് തിരുരക്ത ജപമാല.

(കടപ്പാട് - സോഫിയാ ബുക്ക്സിന്റെ
**യേശുക്രിസ്തുവിന്റെ തിരുരക്തം**
എന്ന പുസ്തകത്തിൽ നിന്ന് (പേജ് 25 -40)

കുഞ്ഞുമക്കളേ, എന്റെ പുത്രന്റെ ഈ തിരുരക്തജപമാല അവിടുത്തെ പീഡാസഹനത്തോടുള്ള സകല ഭക്തിയും ഉൾക്കൊള്ളുന്നു.
(പരിശുദ്ധ കന്യകാമറിയം : 29–1–1997)

എന്റെ മകനേ, ഈ ജപമാലയെടുത്ത് ലോകത്തെ കാണിക്കുക. സകലരും ഇത് എപ്പോഴും പ്രാർത്ഥിക്കുകയും എന്റെ വിലയേറിയ തിരുരക്തത്തിനെതിരായി ചെയ്യപ്പെടുന്ന എല്ലാ പാപങ്ങൾക്കും നിരന്തര പരിഹാരം അനുഷ്ഠിക്കുകയും ചെയ്യട്ടെ. നിങ്ങളുടെ പ്രാർത്ഥനകളിൽ ഈ ജപമാല എടുക്കുകയും ഉപയോഗിക്കുകയും ചെയ്യുക. ഈ ജപമാലയെ വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനായി ഞാൻ ഉപയോഗിക്കും. (ഈശോ : 15–3–1997)

## ഈശോയുടെ തിരുരക്ത ജപമാല ഭക്തി പൂർവ്വം ചൊല്ലുന്നവർക്കുള്ള വാഗ്ദാനങ്ങൾ

1) ഇത് ചൊല്ലുന്നവർക്ക് സകലവിധ തിന്മയുടെ ആക്രമണങ്ങളിൽനിന്നും ഞാൻ സംരക്ഷണം വാഗ്ദാനം ചെയ്യുന്നു.

2) ഞാൻ അവരുടെ പഞ്ചേന്ദ്രിയങ്ങളെ കോട്ട കെട്ടി സംരക്ഷിക്കും.

3) ഞാൻ അവനെ പെട്ടെന്നുള്ള മരണത്തിൽനിന്നും സംരക്ഷിക്കും.

4) അവരുടെ മരണത്തിന് 12 മണിക്കൂർ മുമ്പ് എന്റെ തിരുരക്തം അവർ പാനം ചെയ്യുകയും തിരുശരീരം ഭക്ഷിക്കുകയും ചെയ്യും.

5) മരണത്തിന് 24 മണിക്കൂർ മുമ്പ് തങ്ങളുടെ പാപങ്ങളെക്കുറിച്ചുള്ള യഥാർത്ഥ മനസ്താപം ഉണ്ടാകുന്നതിനും അവയെക്കുറിച്ച് പൂർണ്ണമായ അറിവുണ്ടാകുന്നതിനും വേണ്ടി എന്റെ അഞ്ചു തിരുമുറിവുകളെയും ഞാൻ അവർക്ക് കാണിച്ചുകൊടുക്കും.

6) ഇതുപയോഗിച്ച് നൊവേന ചെല്ലുന്നവർക്ക് തങ്ങളുടെ ആവശ്യങ്ങൾ നിഷേധിക്കപ്പെടുകയില്ല. അവരുടെ പ്രാർത്ഥന ഉറപ്പായി കേൾക്കപ്പെടും.

7) ഇതുവഴിയായി അനേകം അത്ഭുതങ്ങൾ ഞാൻ പ്രവർത്തിക്കും.

8) ഇതിലൂടെ ഞാൻ പല രഹസ്യ സമൂഹങ്ങളെയും തകർക്കുകയും എന്റെ കരു

ണയാൽ അനേക ആത്മാക്കളെ അടിമത്വത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്ക് നയിക്കുകയും ചെയ്യും.

9) ഇതുവഴിയായി അനേകം ആത്മാക്കളെ ശുദ്ധീകരണസ്ഥലത്തുനിന്ന് ഞാൻ മോചിപ്പിക്കും.

10) ഈ ജപമാലയിലൂടെ എന്റെ രക്തത്തെ ബഹുമാനിക്കുന്ന ഏവരേയും എന്റെ വഴികൾ ഞാൻ പഠിപ്പിക്കും.

11) എന്റെ തിരുരക്തത്തോടും തിരുമുറിവുകളോടും കരുണയുളളവന് ഞാനും കരുണ കാണിക്കും.

12) ഈ പ്രാർത്ഥന മറ്റൊരാളെ പഠിപ്പിക്കുന്നവർക്ക് നാലു വർഷത്തേക്ക് ദണ്ഡവിമോചനം ലഭിക്കുന്നതാണ്.

# തിരുരക്ത ജപമാല

## പ്രാരംഭപ്രാർത്ഥനകൾ

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

## സ്തുതിഗീതം

ഈശോമിശിഹായുടെ ഏറ്റം വിലയേറിയ തിരുരക്തമേ
ഈശോമിശിഹായുടെ ഏറ്റം വിലയേറിയ തിരുരക്തമേ
ഈശോമിശിഹായുടെ ഏറ്റം വിലയേറിയ തിരുരക്തമേ
ഈശോമിശിഹായുടെ ഏറ്റം വിലയേറിയ തിരുരക്തമേ
ഏറ്റം വിലയേറിയ തിരുരക്തമേ, ലോകത്തെ രക്ഷിക്കണമേ

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ എഴുന്നള്ളിവരേണമേ. അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങളെ നിറയ്ക്കുകയും അവയിൽ അവിടുത്തെ സ്നേഹാഗ്നി ജ്വലിപ്പിക്കുകയും ചെയ്യണമേ.

അങ്ങനെ അവ പുനഃസൃഷ്ടിക്കപ്പെടട്ടെ. ഭൂമുഖം നവീകരിക്കപ്പെടുകയും ചെയ്യട്ടെ.

**ലീഡർ** : നമുക്ക് പ്രാർത്ഥിക്കാം, ഓ, പരിശുദ്ധാത്മാവിന്റെ പ്രകാശത്താൽ വിശ്വാസികളുടെ ഹൃദയങ്ങളെ പഠിപ്പിച്ച ദൈവമേ, ഈ ആത്മാവിനാൽ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു വഴി ഞങ്ങൾ യഥാർത്ഥത്തിൽ ജ്ഞാനികളും അവിടുത്തെ ആശ്വാസത്തിൽ എന്നേക്കും ആനന്ദിക്കുന്നവരുമാകട്ടെ. ആമ്മേൻ.

വിശ്വാസപ്രമാണം....

(ശിരസ്സുനമിച്ച്) ദൈവജ്ഞാനത്തിന്റെ സിംഹാസനവും സ്വർഗീയ അറിവിന്റെ സക്രാരിയും സ്വർഗത്തിന്റെയും ഭൂമിയുടെയും സൂര്യതേജസ്സുമായ ഈശോയുടെ തിരുശിരസ്സിൽനിന്നൊഴുകുന്ന വിലയേറിയ തിരുരക്തം ഇപ്പോഴും എല്ലായ്പ്പോഴും നമ്മെ പൊതിയട്ടെ. ആമ്മേൻ.

**ലീഡർ** : ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി** : ഈശോയുടെ തിരുഹൃദയത്തിലെ മുറിവുകളെ ഉണക്കേണമേ.

സ്വർഗസ്ഥനായ....
നന്മനിറഞ്ഞ മറിയമേ.... (3 പ്രാവശ്യം)
പിതാവിനും പുത്രനും....

(ശിരസ്സുനമിച്ച്) ദൈവജ്ഞാനത്തിന്റെ സിംഹാസനവും സ്വർഗീയ അറിവിന്റെ സക്രാരിയും സ്വർഗത്തിന്റെയും ഭൂമിയുടെയും സൂര്യതേജസ്സുമായ ഈശോയുടെ തിരുശിരസ്സിൽനിന്നൊഴുകുന്ന വിലയേറിയ തിരുരക്തം ഇപ്പോഴും എല്ലായ്പ്പോഴും നമ്മെ പൊതിയട്ടെ. ആമ്മേൻ.

**ഒന്നാം ദിവ്യരഹസ്യം**

**നമ്മുടെ കർത്താവായ ഈശോമിശിഹായുടെ വലതുകൈയിൽ ആണിയടിക്കുന്നു.**

(അല്പ്പസമയം മൗനമായി ധ്യാനിക്കുക)

അങ്ങയുടെ വലതുകൈയിലേറ്റ വിലയേറിയ മുറിവിനാലും അതിൽ തുളഞ്ഞുകയറിയ ആണിയുടെ വേദനയാലും അവിടെനിന്നും ഒഴുകുന്ന വിലയേറിയ തിരുരക്തം ലോകം മുഴുവനുമുള്ള പാപികളെ രക്ഷിക്കുകയും അനേകം ആത്മാക്കളെ മാനസാന്തരപ്പെടുത്തുകയും ചെയ്യട്ടെ. ആമ്മേൻ.

**ലീഡർ** – ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി** – അവിടുത്തെ തിരുഹൃദയത്തിലെ മുറിവുകളെ ഉണക്കേണമേ

സ്വർഗസ്ഥനായ.... നന്മനിറഞ്ഞ മറിയമേ....

(രണ്ടും വെളുത്ത ജപമാല മണികളിൽ)

**ലീഡർ** – ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ,
**മറുപടി** – ഞങ്ങളെയും ലോകം മുഴുവനെയും രക്ഷിക്കണമേ (12 പ്രാവശ്യം)

പിതാവിനും പുത്രനും....

(ശിരസ്സുനമിച്ച്) ദൈവജ്ഞാനത്തിന്റെ സിംഹാസനവും സ്വർഗീയ അറിവിന്റെ സക്രാരിയും സ്വർഗത്തിന്റെയും ഭൂമിയുടെയും സൂര്യതേജസ്സുമായ ഈശോയുടെ തിരുശിരസ്സിൽനിന്നൊഴുകുന്ന വിലയേറിയ തിരുരക്തം ഇപ്പോഴും എല്ലായ്പ്പോഴും നമ്മെ പൊതിയട്ടെ. ആമ്മേൻ.

**രണ്ടാം ദിവ്യരഹസ്യം**

**നമ്മുടെ കർത്താവായ ഈശോമിശിഹാ യുടെ ഇടതുകൈയിൽ ആണിയടിക്കുന്നു.**

അങ്ങയുടെ ഇടതുകൈയിലേറ്റ വിലയേറിയ മുറിവിനാലും അതിൽ തുളഞ്ഞുകയറിയ ആണിയുടെ വേദനയാലും അവിടെനിന്നും ഒഴുകുന്ന വിലയേറിയ തിരുരക്തം ശുദ്ധീക രണ സ്ഥലത്തെ ആത്മാക്കളെ രക്ഷിക്കു കയും മരണാസന്നരായവരെ പൈശാചിക മായ ആക്രമണങ്ങളിൽനിന്ന് രക്ഷിക്കുകയും ചെയ്യട്ടെ. ആമ്മേൻ.

**ലീഡർ** – ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി** – അവിടുത്തെ തിരുഹൃദയത്തിലെ മുറിവുകളെ ഉണക്കേണമേ

സ്വർഗസ്ഥനായ.... നന്മനിറഞ്ഞ മറിയമേ....

**ലീഡർ** – ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ,
**മറുപടി** – ഞങ്ങളെയും ലോകം മുഴുവ നെയും രക്ഷിക്കണമേ (12 പ്രാവശ്യം)

പിതാവിനും പുത്രനും....

(ശിരസ്സുനമിച്ച്) ദൈവജ്ഞാനത്തിന്റെ സിംഹാസനവും സ്വർഗീയ അറിവിന്റെ സക്രാരിയും സ്വർഗത്തിന്റെയും ഭൂമിയുടെയും സൂര്യതേജസ്സുമായ ഈശോയുടെ തിരുശിരസ്സിൽനിന്നൊഴുകുന്ന വിലയേറിയ തിരുരക്തം ഇപ്പോഴും എല്ലായ്പ്പോഴും നമ്മെ പൊതിയട്ടെ. ആമ്മേൻ.

**മൂന്നാം ദിവ്യരഹസ്യം**

**നമ്മുടെ കർത്താവായ ഈശോമിശിഹായുടെ വലതുകാലിൽ ആണിയടിക്കുന്നു.**

അങ്ങയുടെ വലതുകാലിലേറ്റ വിലയേറിയ മുറിവിനാലും അതിൽ തുളഞ്ഞുകയറിയ ആണിയുടെ വേദനയാലും അവിടെനിന്നും ഒഴുകുന്ന വിലയേറിയ തിരുരക്തം കത്തോലിക്കാ സഭയുടെ അടിസ്ഥാനത്തെ അന്ധകാര ലോകത്തിന്റെയും ദുഷ്ടമനുഷ്യരുടെയും പദ്ധതികളിൽനിന്നും സംരക്ഷിക്കട്ടെ. ആമ്മേൻ.

**ലീഡർ** – ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി** – അവിടുത്തെ തിരുഹൃദയത്തിലെ മുറിവുകളെ ഉണക്കേണമേ

സ്വർഗസ്ഥനായ.... നന്മനിറഞ്ഞ മറിയമേ....

**ലീഡർ** – ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ,
**മറുപടി** – ഞങ്ങളെയും ലോകം മുഴുവനെയും രക്ഷിക്കണമേ (12 പ്രാവശ്യം)

പിതാവിനും പുത്രനും....

(ശിരസ്സുനമിച്ച്) ദൈവജ്ഞാനത്തിന്റെ സിംഹാസനവും സ്വർഗീയ അറിവിന്റെ സക്രാരിയും സ്വർഗത്തിന്റെയും ഭൂമിയുടെയും സൂര്യതേജസ്സുമായ ഈശോയുടെ തിരുശിരസ്സിൽനിന്നൊഴുകുന്ന വിലയേറിയ തിരുരക്തം ഇപ്പോഴും എല്ലായ്പ്പോഴും നമ്മെ പൊതിയട്ടെ. ആമ്മേൻ.

## നാലാം ദിവ്യരഹസ്യം

**നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ഇടതുകാലിൽ ആണിയടിക്കുന്നു.**

അങ്ങയുടെ ഇടതുകാലിലേറ്റ വിലയേറിയ മുറിവിനാലും അതിൽ തുളഞ്ഞുകയറിയ ആണിയുടെ വേദനയാലും അവിടെനിന്നും ഒഴുകുന്ന വിലയേറിയ തിരുരക്തം ഞങ്ങളെ

പൈശാചിക ശക്തികളുടെയും അവരുടെ പ്രതിനിധികളുടെയും ആക്രമണങ്ങളിൽനിന്ന് സംരക്ഷിക്കട്ടെ. ആമ്മേൻ.

**ലീഡർ** – ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി** – അവിടുത്തെ തിരുഹൃദയത്തിലെ മുറിവുകളെ ഉണക്കേണമേ

സ്വർഗസ്ഥനായ.... നന്മനിറഞ്ഞ മറിയമേ....

**ലീഡർ** – ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ,
**മറുപടി** – ഞങ്ങളെയും ലോകം മുഴുവനെയും രക്ഷിക്കണമേ (12 പ്രാവശ്യം)

പിതാവിനും പുത്രനും....

(ശിരസ്സുനമിച്ച്) ദൈവജ്ഞാനത്തിന്റെ സിംഹാസനവും സ്വർഗീയ അറിവിന്റെ സക്രാരിയും സ്വർഗത്തിന്റെയും ഭൂമിയുടെയും സൂര്യതേജസ്സുമായ ഈശോയുടെ തിരുശിരസ്സിൽനിന്നൊഴുകുന്ന വിലയേറിയ തിരുരക്തം ഇപ്പോഴും എല്ലായ്പ്പോഴും നമ്മെ പൊതിയട്ടെ. ആമ്മേൻ.

## അഞ്ചാം ദിവ്യരഹസ്യം

## നമ്മുടെ കർത്താവായ ഈശോമിശിഹായുടെ തിരുവിലാവ് കുത്തിത്തുറക്കപ്പെടുന്നു.

അങ്ങയുടെ തിരുവിലാവിലെ വിലയേറിയ മുറിവിനാലും അതിൽ തുളഞ്ഞുകയറിയ കുന്തത്തിന്റെ വേദനയാലും അവിടെനിന്നും ഒഴുകുന്ന വിലയേറിയ തിരുരക്തവും ജലവും രോഗികളെ സുഖപ്പെടുത്തുകയും ക്ലേശിതരെ ആശ്വസിപ്പിക്കുകയും നിത്യമഹത്വത്തിനായി ഞങ്ങളെ ഒരുക്കുകയും ചെയ്യട്ടെ. ആമ്മേൻ.

**ലീഡർ** – ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി** – അവിടുത്തെ തിരുഹൃദയത്തിലെ മുറിവുകളെ ഉണക്കേണമേ

സ്വർഗസ്ഥനായ.... നന്മനിറഞ്ഞ മറിയമേ....

**ലീഡർ** – ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ,
**മറുപടി** – ഞങ്ങളെയും ലോകം മുഴുവനെയും രക്ഷിക്കണമേ (12 പ്രാവശ്യം)

പിതാവിനും പുത്രനും....

(ശിരസ്സുനമിച്ച്) ദൈവജ്ഞാനത്തിന്റെ സിംഹാസനവും സ്വർഗീയ അറിവിന്റെ സക്രാരിയും സ്വർഗത്തിന്റെയും ഭൂമിയുടെയും സൂര്യതേജസ്സുമായ ഈശോയുടെ തിരുശിരസ്സിൽനിന്നൊഴുകുന്ന വിലയേറിയ തിരുരക്തം ഇപ്പോഴും എല്ലായ്പ്പോഴും നമ്മെ പൊതിയട്ടെ. ആമ്മേൻ.

**ലീഡർ** – ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി** – അവിടുത്തെ തിരുഹൃദയത്തിലെ മുറിവുകളെ ഉണക്കേണമേ (3 പ്രാവശ്യം)

പരിശുദ്ധ രാജ്ഞി.....

## നമുക്ക് പ്രാർത്ഥിക്കാം

ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ, മനുഷ്യകുലത്തിന് സമാധാനം കൈവരുത്തുന്ന അങ്ങയുടെ നിത്യഉടമ്പടിയെ ഓർത്ത് അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ഈശോയുടെ തിരുഹൃദയത്തിലെ മുറിവുകളെ ഉണക്കുക. സർവശക്തനായ പിതാവിനെ അവിടുത്തെ സിംഹാസനത്തിൽ സമാശ്വസിപ്പിക്കുകയും ലോകം മുഴുവന്റെയും

പാപങ്ങളെ കഴുകുകയും ചെയ്യണമേ. എല്ലാവരും അങ്ങയെ ആദരിക്കട്ടെ. ഓ, വിലയേറിയ തിരുരക്തമേ കരുണയുണ്ടാകണമേ, ആമ്മേൻ.

ഈശോയുടെ തിരുഹൃദയമേ
– *ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*
മറിയത്തിന്റെ വിമലഹൃദയമേ
– *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
ഉണ്ണീശോയുടെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പേ
– *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
വിശുദ്ധരായ പത്രോസേ, പൗലോസേ
– *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
കുരിശിന്റെ വിശുദ്ധ യോഹന്നാനേ
– *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
വിശുദ്ധ മഗ്ദലേന മറിയമേ
– *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
സ്വർഗത്തിലെ സകല മധ്യസ്ഥരേ,
– *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
നമ്മുടെ നാഥന്റെ ശ്രേഷ്ഠരായ സകല വിശുദ്ധരേ,
– *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
സകല സ്വർഗീയദൂതഗണങ്ങളേ,
– *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
ജപമാലഭക്തരേ,
– *ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*

# ഈശോയുടെ വിലയേറിയ തിരുരക്തത്തിന്റെ ലുത്തിനിയ

കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ

– *കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*

മിശിഹായേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ

– *മിശിഹായേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*

കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ

– *കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*

മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

– *മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ*

സ്വർഗസ്ഥനായ പിതാവായ ദൈവമേ

– *ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*

ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ

– *ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*

പരിശുദ്ധാത്മാവായ ദൈവമേ

– *ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*

ഏകദൈവമായ പരിശുദ്ധ ത്രിത്വമേ
– *ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*

**ലീഡർ** – ഓ, ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ, രക്ഷയുടെ ചുടുനിണമേ,
**മറുപടി** –ഞങ്ങളെയും ലോകം മുഴുവനെയും പൊതിയണമേ.

ഈശോമിശിഹായുടെ തിരുരക്തക്കടലേ,
– *ഞങ്ങളെ സ്വതന്ത്രരാക്കണമേ*
വിശുദ്ധിയും അനുകമ്പയും നിറഞ്ഞ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ,
– *ഞങ്ങളെ സ്വതന്ത്രരാക്കണമേ*
ഞങ്ങളുടെ ഊർജ്ജവും ശക്തിയുമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ,
– *ഞങ്ങളെ സ്വതന്ത്രരാക്കണമേ*
നിത്യഉടമ്പടിയായ യേശുക്രിസ്തുവിന്റെ വിലയേറിയ തിരുരക്തമേ,
– *ഞങ്ങളെ സ്വതന്ത്രരാക്കണമേ*
ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ,
– *ഞങ്ങളെ സ്വതന്ത്രരാക്കണമേ*
ദൈവിക കവചമായ ആയുധമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

*– ഞങ്ങളെ സ്വതന്ത്രരാക്കണമേ*

ദൈവിക ഉപവിയായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

*– ഞങ്ങളെ സ്വതന്ത്രരാക്കണമേ*

പിശാചുക്കളെ അടിച്ചോടിക്കുന്ന ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

*– ഞങ്ങളെ സ്വതന്ത്രരാക്കണമേ*

അടിമത്തത്തിലായിരിക്കുന്നവരുടെ സഹായമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

*– ഞങ്ങളെ സ്വതന്ത്രരാക്കണമേ*

പരിശുദ്ധ വീഞ്ഞായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

*– ഞങ്ങളെ സ്വതന്ത്രരാക്കണമേ*

ക്രിസ്ത്യാനികളുടെ ശക്തിയായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

*– ഞങ്ങളെ സ്വതന്ത്രരാക്കണമേ*

തിരുസഭയുടെ സംരക്ഷണമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

*– ഞങ്ങളെ സ്വതന്ത്രരാക്കണമേ*

ക്രിസ്ത്യാനിയുടെ സത്യവിശ്വാസമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ *– ഞങ്ങളെ സ്വതന്ത്രരാക്കണമേ*

സൗഖ്യദായകമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

*– ഞങ്ങളെ രക്ഷിക്കണമേ*

അഭിഷേകം ചെയ്യുന്ന ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

ദൈവമക്കളുടെ ധൈര്യമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

ക്രൈസ്തവ പോരാളികളുടെ സർവ്വസൈന്യാധിപനായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

ഉത്ഥാനത്തിന്റെ തിരുനിണമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

സ്വർഗീയദൂതന്മാരുടെ പാനീയമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

ദൈവപിതാവിന്റെ സമാശ്വാസമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

പരിശുദ്ധാത്മാവിന്റെ ശക്തിയായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

വിജാതീയരുടെ പരിച്ഛേദനമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

ലോകത്തിന്റെ സമാധാനമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

സ്വർഗത്തിന്റേയും ഭൂമിയുടേയും സൂര്യതേജസ്സായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

സ്വർഗത്തിലെ മഴവില്ലായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

നിഷ്കളങ്കരായ കുഞ്ഞുപൈതങ്ങളുടെ പ്രത്യാശയായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

ഞങ്ങളുടെ ഹൃദയങ്ങളിലെ ദൈവവചനമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ – *ഞങ്ങളെ രക്ഷിക്കണമേ*

സ്വർഗീയ ആയുധമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

സ്വർഗീയ ജ്ഞാനമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

ലോകത്തിന്റെ അടിസ്ഥാനമായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

ദൈവപിതാവിന്റെ കരുണയായ യേശുക്രിസ്തുവിന്റെ വിലയേറിയ തിരുരക്തമേ

– *ഞങ്ങളെ രക്ഷിക്കണമേ*

**ലീഡർ –** ഓ, ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി –** ലോകത്തിന്റെ പാപങ്ങളെ കഴുകണമേ.
**ലീഡർ –** ഓ, ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി –** ലോകത്തെ ശുദ്ധീകരിക്കണമേ.
**ലീഡർ –** ഓ, ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി –** ഈശോയെ ആശ്വസിപ്പിക്കേണ്ടതെങ്ങനെയെന്ന് ഞങ്ങളെ പഠിപ്പിക്കണമേ.

## നമുക്ക് പ്രാർത്ഥിക്കാം

ഓ, ഞങ്ങളുടെ രക്ഷയായ ഈശോമിശിഹായുടെ വിലയേറിയ തിരുരക്തമേ, ഞങ്ങൾ വിശ്വസിക്കുകയും പ്രത്യാശിക്കുകയും അങ്ങയിൽ ശരണപ്പെടുകയും ചെയ്യുന്നു. പൈശാചികാത്മാക്കളുടെ പിടിയിലായിരിക്കുന്ന സകലരെയും മോചിപ്പിക്കണമേ എന്ന് ഞങ്ങൾ യാചിക്കുന്നു. മരണാസന്നരായിരിക്കുന്നവരെ ദുഷ്ടാത്മാക്കളുടെ പ്രവർത്തനങ്ങളിൽനിന്ന് സംരക്ഷിക്കുകയും അവരെ അങ്ങയുടെ നിത്യമഹത്വത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യണമേ. ലോകം മുഴുവന്റെമേലും കരുണയുണ്ടാവുകയും തിരുഹൃദയത്തെ ആരാധിക്കു

വാനും ആശ്വസിപ്പിക്കുവാനും ഞങ്ങളെ ശക്തരാക്കുകയും ചെയ്യണമേ. കരുണയുടെ അമൂല്യ തിരുരക്തമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ആമ്മേൻ.

**ലീഡർ** – ഓ, ഈശോമിശിഹായുടെ ഏറ്റവും വിലയേറിയ തിരുരക്തമേ,
**മറുപടി** – അവിടുത്തെ തിരുഹൃദയത്തിലെ മുറിവുകളെ ഉണക്കേണമേ (3 പ്രാവശ്യം)

## സ്തുതിഗീതം

ഈശോയുടെ തിരുരക്തമേ,
ഈശോയുടെ തിരുരക്തമേ,
ഈശോയുടെ തിരുരക്തമേ,
ഞങ്ങളെ പൊതിയണമേ (3 പ്രാവശ്യം)

ഈശോയുടെ അമൂല്യ തിരുരക്തമേ,
ആരാധന
ഈശോമിശിഹായുടെ അമൂല്യ തിരുരക്തമേ,
ആരാധന
ഈശോയുടെ അമൂല്യ തിരുരക്തമേ,
ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.
ഈശോമിശിഹായുടെ അമൂല്യതിരുരക്തമേ,
ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

ഈശോയുടെ അമൂല്യ തിരുരക്തമേ,
ആരാധന
ഈശോമിശിഹായുടെ അമൂല്യ തിരുരക്തമേ,
ആരാധന

## ഈശോമിശിഹായുടെ വിലയേറിയ തിരുരക്തത്തിനുള്ള പ്രതിഷ്ഠാജപം

ഓ, കരുതലുള്ളവനും കാരുണ്യപൂർണനുമായ രക്ഷകാ, എന്റെ നിസ്സാരതയാലും അവിടുത്തെ മഹനീയതയാലും ഞാൻ എന്നെത്തന്നെ അവിടുത്തെ പാദത്തിങ്കൽ സമർപ്പിക്കുന്നു. അങ്ങയുടെ നന്ദിഹീനനായ ഈ സൃഷ്ടിക്ക് കാണിച്ചുതന്ന അവിടുത്തെ കൃപയുടെ നിരവധിയായ അടയാളങ്ങളെയോർത്ത് അങ്ങേക്ക് നന്ദി പറയുന്നു. സാത്താന്റെ നശീകരണശക്തിയിൽനിന്ന് അങ്ങയുടെ തിരുരക്തത്താൽ എന്നെ മോചിപ്പിച്ചതിന് ഞാൻ അങ്ങേക്ക് വിശിഷ്യാ നന്ദി പറയുന്നു.

ഓ നല്ല ഈശോയേ, എന്റെ സ്നേഹമുള്ള അമ്മയായ മറിയത്തിന്റെയും, കാവൽമാലാഖയുടെയും,നാമഹേതുകവിശുദ്ധന്റെയും സ്വർഗത്തിലെ സകല വൃന്ദങ്ങളുടെയും സാന്നിധ്യ

ത്തിൽ സ്വതന്ത്ര മനസ്സോടും, സത്യസന്ധമായ ഒരു ഹൃദയത്തോടുംകൂടി ലോകത്തെ പാപത്തിൽനിന്നും, മരണത്തിൽനിന്നും, നരകത്തിൽനിന്നും രക്ഷിച്ച അങ്ങയുടെ വിലയേറിയ തിരുരക്തത്തിന് ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.

അവിടുത്തെ കൃപയുടെ സഹായത്തോടും എന്റെ സർവശക്തിയോടുംകൂടി ഞങ്ങളുടെ രക്ഷയുടെ വിലയായ അങ്ങയുടെ വിലയേറിയ തിരുരക്തത്തോടുള്ള ഭക്തി വളർത്തുകയും അതിനെ ഉദ്ദീപിപ്പിക്കുകയും ചെയ്യുമെന്ന് ഞാൻ അങ്ങയോട് വാഗ്ദാനം ചെയ്യുന്നു. അങ്ങനെ ആരാധ്യമായ അങ്ങയുടെ തിരുരക്തം സകലരാലും ബഹുമാനിക്കപ്പെടുന്നതിനും മഹത്വീകരിക്കപ്പെടുന്നതിനും ഇടയാകട്ടെ. ഇതുവഴി അങ്ങയുടെ സ്നേഹത്തിന്റെ വിലതീരാത്ത രക്തത്തോടുള്ള എന്റെ അവിശ്വസ്തതയുടെ കേടുപോക്കുവാനും ലോകം ഞങ്ങളുടെ രക്ഷയുടെ അനന്യമായ വിലയ്ക്കെതിരായി ചെയ്യുന്ന നിന്ദനങ്ങൾക്ക് പരിഹാരമനുഷ്ഠിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു.

ഓ, പരിശുദ്ധവും വിലതീരാത്തതുമായ തിരുരക്തമേ, അങ്ങേയ്ക്കെതിരായി ചെയ്യപ്പെട്ട എന്റേതന്നെ പാപങ്ങളും മന്ദതയും സകല ധി

ക്കാരപ്രവൃത്തികളും ഒരിക്കലും ചെയ്യപ്പെടാതിരുന്നെങ്കിൽ! സ്നേഹനിധിയായ ഈശോയേ, അവിടുത്തെ പരിശുദ്ധ മാതാവും, വിശ്വസ്തരായ ശ്ലീഹന്മാരും, സകലവിശുദ്ധരും അങ്ങയുടെ വിലയേറിയ തിരുരക്തത്തിന് നൽകിയ സ്നേഹവും, ബഹുമാനവും, ആരാധനയും ഇതാ ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. എന്റെ കഴിഞ്ഞ കാലത്തെ അവിശ്വസ്തതകളെയും മന്ദതയെയും മറക്കുകയും അങ്ങയെ വേദനിപ്പിക്കുന്ന എല്ലാവരോടും ക്ഷമിക്കുകയും ചെയ്യണമേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഓ ദിവ്യരക്ഷകാ, എന്നെയും സകലജനങ്ങളെയും അവിടുത്തെ വിലയേറിയ തിരുരക്തത്താൽ തളിക്കുക. അങ്ങനെ, ഓ ക്രൂശിക്കപ്പെട്ട സ്നേഹമേ, ഞങ്ങൾ ഇപ്പോൾ മുതൽ പൂർണഹൃദയത്തോടെ അങ്ങയെ സ്നേഹിക്കുകയും ഉചിതമായി ഞങ്ങളുടെ രക്ഷയുടെ വിലയെ ആദരിക്കുകയും ചെയ്യട്ടെ. ആമ്മേൻ.

ഓ പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ സഹായത്തിനായി ഞങ്ങൾ ഓടിയണയുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ. പ്രത്യുത, സകല അപകടങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. ഓ, നിത്യമഹത്വപൂരിത

യായ  പരിശുദ്ധ കന്യകയേ, ആമ്മേൻ.

ഈ ഭക്തിയുടെ എല്ലാ അഭ്യുദയകാംക്ഷി കൾക്കും വേണ്ടി,

സ്വർഗസ്ഥനായ....
നന്മനിറഞ്ഞ മറിയമേ....
പിതാവിനും, പുത്രനും....

**ഗാനം - എല്ലാം ക്ഷമിക്കുന്ന....**
**രചന - പരിശുദ്ധാത്മാവ് (23 - 6 - 2017)**

എല്ലാം ക്ഷമിക്കുന്ന എല്ലാം നൽകുന്ന
യേശുവിൻ തിരുഹൃദയമേ
അങ്ങേ തിരുഹൃദയത്തിൽ
എന്നെ മറക്കേണമേ, എന്നെ പൊതിയേണമേ
(എല്ലാം ക്ഷമിക്കുന്ന....)

രാജാധിരാജനാം യേശുവിൻ ഹൃദയം
എൻ ഹൃദയത്തിൽ നിറഞ്ഞിടട്ടെ
ആ തിരുഹൃദയത്തിൻ തണലിലായെന്നും
ഞാനെന്നും വസിച്ചിടട്ടെ, ഞാനെന്നും ലയിച്ചിടട്ടെ
(എല്ലാം ക്ഷമിക്കുന്ന....)

മറ്റൊരുവനിലും രക്ഷയില്ലെന്ന്
എന്നധരങ്ങൾ പ്രകീർത്തിക്കട്ടെ
സ്നേഹാധിനാഥനാം ശ്രീ യേശു നാഥനെ
ഞാനെന്നും വാഴ്ത്തിടട്ടെ, നിൻസ്തുതി പാടിടട്ടെ
(എല്ലാം ക്ഷമിക്കുന്ന....)

എന്നെയും ലോകം മുഴുവനെയും
ആ തിരുഹൃദയത്തിൽ സമർപ്പിക്കുന്നു
പാപ പരീക്ഷയിൽ ഉൾപ്പെടുത്താതെ
നിൻ ഹൃദയത്തിലെന്നും മറക്കേണമേ
(എല്ലാം ക്ഷമിക്കുന്ന....)

പാപാന്ധകാരത്തിൽ കഴിയുന്ന മക്കളെ
ചങ്കിലെ ചോരയാൽ സൗഖ്യമാക്കണേ

ശാന്തിയും മുക്തിയും സൗഖ്യവും നൽകി
അവരെ നീ നിന്റേതായ് മാറ്റേണമേ
(എല്ലാം ക്ഷമിക്കുന്ന....)

നിന്നമ്മതൻ വിമലഹൃദയത്തിലെന്നും
കാത്തുരക്ഷിക്കേണമേ
അമ്മേ പൊതിയേണമേ
തിരുക്കച്ചയാൽ പൊതിയേണമേ
(എല്ലാം ക്ഷമിക്കുന്ന....)

"മറിയം പറഞ്ഞു; ഇതാ, കർത്താവിന്റെ ദാസി!
നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" ലൂക്കാ 1 ;38
Blessed Virgin Marian Ministry

